## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :2889 — 19-06-2014-ലെ മറുപടിക്ക്

### സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള നെല്ലു സംഭരണം

**ചോദ്യം**

**ശ്രീ. മുല്ലക്കര രത്നാകരൻ**

ഉത്തരം

**ശ്രീ. അനൂപ് ജേക്കബ്**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

**എ)** സംസ്ഥാനത്തെ നെൽകർഷകരിൽ നിന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഈ സീസണിൽ എത്ര നെല്ല് സംഭരിച്ചുവെന്ന് വ്യക്തമാക്കുമോ? ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

**എ)** സംസ്ഥാനത്തെ നെൽ കർഷകരിൽ നിന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഈ സീസണിൽ (2013-14 രണ്ടാം സീസണിൽ) 398856.811 മെ.ടൺ നെല്ല് സംഭരിച്ചു. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ജില്ല | Quantity (in MT) |
|---|---|
| തിരുവനന്തപുരം | 248.541 |
| കൊല്ലം | 421.751 |
| പത്തനംതിട്ട | 7968.352 |
| കോട്ടയം | 49245.710 |
| ഇടുക്കി | 29.375 |
| ആലപ്പുഴ | 123138.518 |
| എറണാകുളം | 2850.948 |
| തൃശൂർ | 73285.193 |
| പാലക്കാട് | 127606.041 |
| മലപ്പുറം | 10305.298 |
| കോഴിക്കോട് | 273.840 |
| വയനാട് | 3069.780 |
| കണ്ണൂർ | 222.609 |
| കാസർഗോഡ് | 190.355 |
| | **398856.811** |

**ബി)** സംഭരണവുമായി ബന്ധപ്പെട്ട് എന്തു തുക കർഷകർക്ക് കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ?

**ബി)** നെല്ലു സംഭരിച്ച ഇനത്തിൽ കർഷകർക്ക് 17-06-2014 വരെ 298 കോടി രൂപ കുടിശ്ശികയുണ്ട്.

| | |
|---|---|
| **സി.)** കുടിശ്ശിക കൊടുത്തുതീർക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ? | **സി)** നെല്ല് സംഭരിച്ച ഉടൻ തന്നെ കർഷകർക്ക് നെൽ വില ലഭിക്കുന്നതിനായി സപ്ലൈകോ പൊതു മേഖലാ ബാങ്കുകളുമായി കരാറിൽ ഏർപ്പെടുകയും ഇപ്രകാരം കർഷകർ ഹാജരാക്കുന്ന പി.ആർ.എസിന് പലിശ രഹിത വായ്പ മൂന്നു ദിവസത്തിനകം നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ഇങ്ങനെ പണം കർഷകർക്കു നൽകുമ്പോൾ അതിന്റെ പലിശ സപ്ലൈകോയാണ് ബങ്കിന് നൽകുന്നത്. കൂടാതെ കേന്ദ്ര ഫണ്ടിൽ നിന്നും മുൻകൂറായി 170 കോടി രൂപയുടെ പ്രത്യേക സഹായത്തിനായി അപേക്ഷ നൽകിയിട്ടുമുണ്ട്. ഏതായാലും കൃഷിക്കാർക്ക് നൽകുവാനുള്ള മുഴുവൻ തുകയും പരമാവധി ജൂലൈ മാസം 15നോടകം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടു കൂടി കൊടുത്തു തീർക്കുവാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. |

Beena

**സെക്ഷൻ ഓഫീസർ**